**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 906

29.09.2016 - ൽ മറുപടിയ്ക്ക്

**<u>പട്ടയമില്ലാത്ത കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എം.മാണി | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വർഷങ്ങളായി വനഭൂമിയിലും വനാതിർത്തിയിലും കൃഷിചെയ്യുന്ന കർഷകർക്ക് പട്ടയമില്ലാത്തതിനാൽ വായ്പകൾ ലഭ്യമാകാതിരിക്കുന്നതിനു ശാശ്വത പരിഹാരമായി പട്ടയവും വായ്പയും ലഭ്യമാക്കുവാൻ നടപടിയുണ്ടാകുമോ;<br><br>(ബി) ഇതു സംബന്ധിച്ച പ്രായോഗികമായ നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ? | (എ) & (ബി) | 01.01.1977 ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് 1993 ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ട പ്രകാരം കേന്ദ്ര വന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകി വരുന്നുണ്ട്. സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി കാത്തിരിക്കുന്നതുമായ കേസുകളിൽ കൈവശ രേഖ നൽകിവരുന്നുണ്ട്. വനാവകാശ നിയമം 2006 പ്രകാരം ആദിവാസികൾക്ക് കൈവശ രേഖ നൽകി വരുന്നു. പ്രസ്തുത കൈവശരേഖ ബാങ്ക് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്ന വിഷയത്തിൽ ബാങ്ക് അധികൃതരുമായി ചർച്ച് ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ